**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **12-07-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ നട്ടു വളർത്തുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടു വളർത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 29.09.2012-ലെ സ.ഉ.(സാധാ)നം. 486/2012/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ 10 ഇനം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് 3 തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ 1 -ന് 50/- രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ 1-ന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം വരെ തൈ 1-ന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |
| (ബി) | ചന്ദനമരം സ്വകാര്യ വ്യക്തികൾ നട്ടു വളർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | സ്വകാര്യ വ്യക്തികൾക്ക് അനുമതി കൂടാതെ തന്നെ ചന്ദനമരം നട്ടുവളർത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ